**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2474 12/03/2020-ലെ മറുപടി**

**ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലമെത്തിക്കാൻ കേന്ദ്ര പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കാൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എതൊക്കെയെന്ന് വിശദമാക്കുമോ; | (എ) | 2024-ഓട് കൂടി എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി ശുദ്ധജലമെത്തിക്കാൻ കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. |
| ബി) | നിലവിലെ കണക്കുകൾ പ്രകാരം ശുദ്ധജല വിതരണം പൂർത്തിയാക്കിയ ഗ്രാമീണ ഭവനങ്ങൾ എത്ര ശതമാനമാണ്; | ബി) | നിലവിൽ ഗ്രാമീണമേഖലയിൽ കേരള ജല അതോറിറ്റി മുഖേന ഏകദേശം 22 ശതമാനവും വീടുകളിൽ പൈപ്പ് വഴി ശുദ്ധ ജലവിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വഴിയും നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് 33 ശതമാനത്തോളം വീടുകളിൽ പൈപ്പ് വഴി ശുദ്ധ ജലം വിതരണം ചെയ്യുന്നുണ്ട്. |
| സി) | മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് എന്നത്തേക്ക് സാധ്യമാകുമെന്നും ഇതിനാവശ്യമുള്ള കേന്ദ്ര ഫണ്ട് ലഭ്യമാകുമോയെന്നും വിശദീകരിക്കുമോ? | സി) | 2024-ഓടുകൂടി മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷൻ വഴി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന നിരക്കിൽ ശുദ്ധജലമെത്തിക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയുടെ വിഹിതം കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധതരം കുടിവെള്ള പദ്ധതികൾക്ക് അനുവദനീയമായ പദ്ധതി വിഹിതം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം മാർഗരേഖപ്രകാരം അനുവദനീയമായ പദ്ധതിച്ചെലവിന്റെ 50% കേന്ദ്രവിഹിതമായി ലഭിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി ഇനിയും |

| | | | |
|---|---|---|---|
| | | | ഏകദേശം 45 ലക്ഷത്തോളം ഗാർഹിക കുടിവെള്ള കണക്ഷനുകൾ പുതിയതായി നൽകേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്;<br>1, നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും പരമാവധി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുക<br>2, വിതരണ ശൃംഖലയുടെ അഭാവം കാരണം ഉപയോഗക്ഷമമല്ലാതെ നിലവിലുള്ള പദ്ധതികളിൽ വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുക,<br>3, കുടിവെള്ള പദ്ധതികളില്ലാത്ത ഗ്രാമീണ മേഖലകളിൽ സ്രോതസ്സ് കണ്ടെത്തി പുതിയ പദ്ധതികൾ നടപ്പിലാക്കുക.<br>മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഏകദേശം 35000 കോടി രൂപ വേണ്ടിവരുമെന്നാണ് പ്രാഥമിക വിലയിരുത്തലുകളനുസരിച്ച് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ചെലവും ലഭ്യമാകുന്ന കേന്ദ്ര വിഹിതവും സംബന്ധിച്ച് വ്യക്തത വരുകയുള്ളൂ.<br>മേൽ പദ്ധതി കേരള വാട്ടർ അതോറിറ്റി, ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികൾ വഴി സംയുക്തമായി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഫണ്ട്, മനുഷ്യവിഭവശേഷി ഉൾപ്പെടെയുള്ള മറ്റടിസ്ഥാന സൗകര്യങ്ങൾ, റോഡ് കട്ടിംഗ് അനുമതി ഉൾപ്പെടെ മറ്റു വകുപ്പുകളിൽ നിന്നാവശ്യമായ അനുമതികൾ എന്നിവ സമയബന്ധിതമായി ഉറപ്പായാൽ മാത്രമേ 2024-ഓടുകൂടി പദ്ധതി ലക്ഷ്യം കൈവരിക്കാനാകുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ